# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6756 01.11.2011-ൽ മറുപടിയ്ക്ക്

**മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന നടപടി**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മുൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br><br>(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) & (ബി) കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത സമുദായത്തിന്റെ അതിനുള്ള അർഹത കണക്കിലെടുത്ത് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത ശുപാർശയിന്മേൽ അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ മന്ത്രാലയത്തിന് ഈ വകുപ്പിൽ നിന്നും 03.10.2008, 17.09.2009 തീയതികളിൽ കത്തുകളയച്ചിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇനി ഒന്നുംതന്നെ ചെയ്യാനില്ല. അനന്തര നടപടികൾ കൈക്കൊണ്ട് ഭരണഘടനാ ഭേദഗതി നടപ്പിൽവരുത്തി പ്രസ്തുത സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ മന്ത്രാലയത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ